**കേരള സർക്കാർ**

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്—മലയാളം ഔദ്യോഗികഭാഷ—സർക്കാർ വകുപ്പുകളുടെ ഔദ്യോഗികചിഹ്നം (ലോഗോ) രൂപകല്പന ചെയ്യുമ്പോൾ പാലിക്കേണ്ട വിഷയങ്ങളിന്മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 14/2011/ഉ. ഭ. പ. വ.

*തിരുവനന്തപുരം, 2011 ജൂൺ 1.*

---

*പരാമർശം:*—ഫയൽ നമ്പർ 481/സി.എ4/2011/ഉപഭോക്തൃകാര്യ വകുപ്പ്.

ഉത്തരവ്

ഭരണത്തിന്റെ വിവിധതലങ്ങളിൽ മലയാളഭാഷയുടെ ഉപയോഗം സാർവത്രികമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഔദ്യോഗിക ചിഹ്നം (ലോഗോ) തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്:

1. പുതിയതായി രൂപകല്പന ചെയ്യുന്ന വകുപ്പുതല ഔദ്യോഗികചിഹ്നം പ്രസ്തുത വകുപ്പിൽനിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന ഏറ്റവും പ്രധാനപ്പെട്ട സേവനങ്ങളുടെ വ്യക്തമായ പ്രതീകമായിരിക്കേണ്ടതാണ്. വകുപ്പുമായി ബന്ധപ്പെടാത്ത വിഷയങ്ങൾ ഔദ്യോഗികചിഹ്നത്തിൽ വരാൻ പാടില്ല.

2. ഔദ്യോഗിക ചിഹ്നത്തിൽ കൊടുക്കേണ്ടി വരാവുന്ന ആംഗലേയ പദങ്ങളുടെ സമാന മലയാളം തർജ്ജമകൂടി അതേ വലുപ്പത്തിലും

രൂപത്തിലും മറ്റൊരു വരി കൂടിയാക്കി ആംഗലേയപദങ്ങൾ എഴുതിയിരിക്കുന്നതിന് സമാന്തരമായി ഔദ്യോഗിക ചിഹ്നത്തിനുള്ളിൽ തന്നെ പ്രദർശിപ്പിക്കേണ്ടതാണ്.

3. ഓരോ വകുപ്പും അതിന്റെ ഔദ്യോഗിക ചിഹ്നം (ലോഗോ) തയ്യാറാക്കുമ്പോൾ ഔദ്യോഗികഭാഷാ വകുപ്പുമായി കൂടിയാലോചിച്ചശേഷം മാത്രം ഔദ്യോഗിക ചിഹ്നത്തിൽ എഴുതേണ്ട വിഷയങ്ങളെപ്പറ്റി അന്തിമ തീരുമാനമെടുക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. സുരേഷ്കുമാർ,
*സെക്രട്ടറി.*